ശ്രീ. കെ. പങ്കജാക്ഷൻ: സർ, മിനിമം വേജസ് അഡൈ്വസറി ബോർഡിന്റെ മുമ്പിൽ പരിഗണനയ്ക്ക് ഗവൺമെന്റ് അയച്ച നോട്ടിഫിക്കേഷൻ ഒപ്പാനേറഷൻ ലേബർ കമ്മിറ്റി നൽകിയ അംഗീകൃത ശുപാർശകളായിരുന്നു. ആ ശുപാർശകൾ വ്യവസായികളും തൊഴിലാളികളും അംഗീകരിച്ച് നടപ്പിലാക്കിക്കഴിഞ്ഞു. അതിന്റെ കാലാവധി തീരുന്ന അവസരത്തിലാണ് ഇത് മിനിമം വേജസ് അഡൈ്വസറി ബോർഡ് ഈ കാര്യത്തിൽ ശുപാർശകൾ നൽകുന്നത് അപ്രസക്തമാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. മാത്രമല്ല കാലാവധി അവസാനിക്കാറാവുകയും, പുതിയ എഗ്രിമെന്റിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങിക്കഴിയുകയും ചെയ്തിരുന്ന സാഹചര്യത്തിലാണ് മിനിമം വേജസ് അഡൈ്വസറി ബോർഡിന്റെ ശുപാർശ അപ്രസക്തമാണെന്ന് ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് അനേഷണം നടത്തത്തക്ക വിധത്തിൽ പുതിയ കമ്മിറ്റി രൂപീകരിച്ച് ഇത് പരിശോധിക്കുകയാണ് ആവശ്യമെന്ന് നിർദ്ദേശിച്ചിരുന്നില്ലേ?

ശ്രീ. കെ. ശിവദാസൻ: സർ, ഇനി നോട്ടിഫൈ ചെയ്യുന്നത് ഒരിക്കലും തൊഴിലാളികൾക്കു സഹായകമായിരിക്കുകയില്ല. കാലം മാറിപ്പോയി. അതുകൊണ്ട് ഇപ്പോൾ നെഗോഷിയേഷന്റെ സമയമായിരിക്കുന്നു, മെമ്മോറാണ്ടമൊക്കെ വന്നിരിക്കുന്നു. നെഗോഷിയേഷൻ കഴിഞ്ഞ് വേജ് നിശ്ചയിച്ചശേഷം അത് നോട്ടിഫൈ ചെയ്യണമെങ്കിൽ അപ്പോൾ തന്നെ നോട്ടിഫൈ ചെയ്യാം.

ശ്രീ. എം. ജിനദേവൻ: സർ, തോട്ടം തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കരാറിന്റെ കാലാവധി കഴിഞ്ഞ മാർച്ച് 31-ാം തീയതി അവസാനിച്ചു. ഏപ്രിൽ 1-ാം തീയതി മുതൽ പുതിയ വേതന ഘടന നിലവിൽ വരേണ്ടതാണ്. ഇപ്പോൾ നാലുമാസം കഴിഞ്ഞു. അതിനെ സംബന്ധിച്ച കൂടിയാലോചന ആരംഭിച്ചിട്ടുണ്ടോ? അതിനെ സംബന്ധിച്ച് തൊഴിലാളികളും അവരുടെ ആവശ്യങ്ങളും ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ആരംഭിച്ചിട്ടില്ല. ഒരുപക്ഷേ വ്യവസായത്തിന്റെ മാന്ദ്യം അതിനൊരു കാരണമായിരിക്കും. ഉടൻതന്നെ യൂണിയനുകളും ആവശ്യപ്പെടുന്ന മുറയ്ക്ക് നെഗോഷിയേഷൻ ആരംഭിക്കാവുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക കണ്ടക്ടർമാർ

* 189 [220] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ആർ. എസ്. ഉണ്ണി:
,, എം. വി. രാഘവൻ:
,, വി. സുരേന്ദ്രൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട എത്ര താൽക്കാലിക കണ്ടക്ടർമാർ ഉണ്ട്; ഇവരെ നിയമിക്കുന്നതിന് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്ന് കണ്ടക്ടർമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നുവോ;

(സി) കണ്ടക്ടർമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ഡി) ഈ ലിസ്റ്റിൽ എത്ര ആളുകളുടെ പേർ ഉണ്ട്;

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ. എസ്. ആർ. ടി. സി. യിൽ എത്ര കണ്ടക്ടർമാർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ് ആൻറ് ജി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതു തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എച്ച്) താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ എന്നത്തേക്ക് നിയമിക്കുമെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 1050 താല്ക്കാലിക കണ്ടക്ടർമാർ ജോലിചെയ്യുന്നുണ്ട്. 22-3-1983-ൽ താല്ക്കാലിക കണ്ടക്ടർമാരെ നിയമിക്കാൻ കോർപ്പറേഷൻ ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) ഇല്ല.

(സി) 1-2-1985-ൽ കണ്ടക്ടർമാരുടെ ഒരു പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നു.

(ഡി) 5009 പേർ.

(ഇ) പൊതു ലിസ്റ്റിൽ നിന്ന് ആരെയും നിയമിച്ചില്ല. എന്നാൽ സ്പെഷ്യൽ റിക്രൂട്ടുമെൻറു പ്രകാരം കഴിഞ്ഞ വർഷത്തിൽ 296 പേരെ നിയമിക്കുകയും ഇപ്പോൾ അഡ്വൈസ് ചെയ്ത 241 പേരെ നിയമിക്കാൻ നടപടിയെടുത്തുവരികയുമാണ്.

(എഫ് ആൻറ് ജി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലിക ജീവനക്കാരെ സാധാരണ നിയമിക്കാറില്ല. എന്നാൽ 1985 ഒക്ടോബറിലെ സമരക്കാലത്ത് സർവ്വീസുകൾ മുടങ്ങാതെ നടത്തുന്നതിനുവേണ്ടി അടിയന്തിരമായി കുറേപേരെ താല്ക്കാലികമായി നിയമിക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. ഇത്തരം സാഹചര്യത്തിൽ മറ്റുപോംവഴിയൊന്നുമില്ല.

(എച്ച്) 7-ാം പദ്ധതിക്കാലത്ത് ബസ്സ് സ്റ്റാഫ് റേഷ്യോ കുറച്ചുകൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്നത്. കഴിയും വേഗം ഇതിൻമേൽ ഗവൺമെൻറ് ഒരു തീരുമാനം എടുക്കുന്നതാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും കാർഡയക്കുന്നതിനെപ്പറ്റിയുള്ള ആക്ഷേപം

*190 [221] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും സീനിയോറിറ്റി പരിഗണിക്കാതെ കാർഡയക്കുന്നതായി എന്തെങ്കിലും ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly